**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6634** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ്മെന്റ് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായങ്ങൾക്ക് അനുവദനീയമായ എന്തെല്ലാം ആനുകൂല്യങ്ങൾ നിലവിൽ ടൂറിസം സംരംഭങ്ങൾക്ക് നൽകി വരുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | ടൂറിസം സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി വകുപ്പിന്റെ കീഴിലുള്ള സ്കീമുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>(1) കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് കാരവൻ വാങ്ങുന്ന സ്വകാര്യ സംരംഭകർക്ക് ഇൻവസ്റ്റ്മെന്റ് സബ്സിഡി.<br><br>(2) 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകളുള്ളതുമായ പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനും ആയത് ടൂറിസം വിപണനത്തിനായി ഉപയോഗിക്കുന്നതിനുമായി പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണ ചെലവിന്റെ 25% തുക (പരമാവധി 5 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന ഗൃഹസ്ഥലി .<br><br>(3) സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് ഇനത്തിൽ സബ്സിഡി അനുവദിക്കുന്ന സ്കീം. |
| (ബി) | ടൂറിസം വ്യവസായ സംരംഭകർക്ക് നൽകുന്ന ഇൻവെസ്റ്റ്മെന്റ് സബ്സിഡിയുടെ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ സംരംഭങ്ങൾക്കുമെന്നുമുള്ള വിശദാംശം നൽകുമോ? | (ബി) | കാരവൻ വാങ്ങുന്ന സ്വകാര്യ സംരംഭകരിൽ ആദ്യ 100 കാരവനുകൾക്ക് മുതൽ മുടക്കിന്റെ 15% അല്ലെങ്കിൽ 7.5 ലക്ഷം രൂപ ഏതാണോ കുറവ്, 101 മുതൽ 200 വരെയുള്ള കാരവനുകൾക്ക് 10% അല്ലെങ്കിൽ 5 ലക്ഷം രൂപ ഏതാണോ കുറവ്, 201 മുതൽ 300 വരെയുള്ള കാരവനുകൾക്ക് 5% അല്ലെങ്കിൽ 2.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആയി നൽകി വരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ കാരവൻ ടൂറിസത്തിന്റെ ഭാഗമായി കാരവൻ വാങ്ങി വകുപ്പിൽ അപേക്ഷ സമർപ്പിച്ച 13 സംരംഭകർക്ക് ആകെ 97,50,000/-(തൊണ്ണൂറ്റിയേഴ് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | അമ്പതിനായിരം രൂപ) രൂപ ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹസ്ഥലി സ്കീമിൽ ഉൾപ്പെടുത്തി ഇൻവസ്റ്റ്മെന്റ് സബ്സിഡി അനുവദിച്ചിട്ടില്ല.<br><br>ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി ഇനത്തിൽ 32 സംരംഭകർക്ക് 7,78,81,631/-രൂപ (ഏഴ് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തി യൊന്നായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ